# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## റാന്നി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 6 - 168/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 16/03/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
റാന്നി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : റാന്നി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 6 - 168/2022 തീയ്യതി: 16/03/2022

## പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പി.കെ.വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 13-01-2022 | 31-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-01-2022 | 31-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ (24.01.2022 വരെ)
ശ്രീ ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി വി നായർ, ഓഡിറ്റർ
ശ്രീമതി ദീപ കെ എസ്, ഓഡിറ്റർ (17.01.2022 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശശികല രാജശേഖരൻ | പ്രസിഡന്റ് | 01-04-2020 | 09-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 10-11-2020 | 29-12-2020 |
| ശ്രീമതി ശോഭ ചാർളി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി ജി സുധാകുമാരി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുനീത ആർ പണിക്കർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ അശ്വിൻ ചന്ദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ ലാൽ കുമാർ കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. അനീഷ് കെ ആർ | വെറ്ററിനറി സർജൻ | 01-04-2020 | 24-09-2020 |
| ഡോ. ആശിഷ് പണിക്കർ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2020 | 31-03-2021 |
| ഡോ. ദിയ എസ് കുമാർ (ചാർജ്) | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 10-02-2021 |
| ഡോ. ലക്ഷ്മി ജി കൃഷ്ണൻ (ചാർജ്) | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 11-02-2021 | 31-03-2021 |
| ഡോ. ഷാലിമ എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി സ്വപ്ന കൃഷ്ണൻ | ഹെഡ്മിസ്ട്രസ് | 01-04-2020 | 22-06-2020 |
| ശ്രീമതി ഫസീല ബീവി കെ എം | ഹെഡ്മിസ്ട്രസ് | 23-06-2020 | 31-03-2021 |
| ശ്രീ ശ്യാം കൃഷ്ണപ്രസാദ് | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ മനോജ് ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 04-04-2020 |
| ശ്രീ സജീഷ് കുമാർ ജെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 05-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി രാഖി എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 05-11-2020 |
| ശ്രീമതി റോസമ്മ സി സി (ചാർജ്) | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 06-11-2020 | 31-03-2021 |
| ഡോ. നിതിൻ എ.ജി. | വെറ്ററിനറി സർജൻ | 25-09-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M Harikumar (Asst. Audit Officer, On 28-01-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന<br>Written By: M Harikumar (Asst. Audit Officer, On 28-01-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: M Harikumar (Asst. Audit Officer, On 28-01-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 28-01-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 16-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Muhsin Faisal (Audit Officer, On 31-01-2022)<br>Last Updated By: Joe M James (Computer Assistant, On 07-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: M Harikumar (Asst. Audit Officer, On 28-01-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: M Harikumar (Asst. Audit Officer, On 28-01-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 1-7 |
| 8 | കാഷ് ബാലൻസ് പരിശോധന<br>Written By: M Harikumar (Asst. Audit Officer, On 28-01-2022)<br>Last Updated By: Joe M James (Computer Assistant, On 04-02-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Muhsin Faisal (Audit Officer, On 03-02-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 28-01-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 1-10 |
| 11 | വാടക-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: K S Deepa (Auditor, On 03-02-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 1-11 |
| 12 | കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയില്ല.<br>Written By: K S Deepa (Auditor, On 03-02-2022)<br>Last Updated By: Joe M James (Computer Assistant, On 07-03-2022) | 1-12 |
| 13 | ഓൺലൈൻ വിദ്യ സഹായ പദ്ധതി- തുക ചെലവഴിച്ചില്ല<br>Written By: M Harikumar (Asst. Audit Officer, On 29-01-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 1-13 |
| 14 | "ടെണ്ടർ ഡിഡക്ഷൻ' കുറവ് ചെയ്തില്ല - ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക ഒടുക്കി<br>Written By: M Harikumar (Asst. Audit Officer, On 19-01-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 16-03-2022) | 1-14 |
| 15 | ജി.എസ്.ടി കോമ്പൻസേഷൻ- സെൽഫ് ഡിക്ലറേഷൻ ഫോം ഫയൽ ചെയ്തിട്ടില്ല<br>Written By: M Harikumar (Asst. Audit Officer, On 31-01-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 1-15 |
| 16 | പ്രവൃത്തി ഏറ്റെടുക്കാത്ത കരാറുകാരുടെ ജാമ്യ നിക്ഷേപ തുക മുതൽകൂട്ടിയില്ല<br>Written By: M Harikumar (Asst. Audit Officer, On 27-01-2022)<br>Last Updated By: Joe M James (Computer Assistant, On 07-03-2022) | 1-16 |

| | | |
|---|---|---|
| 17 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം<br>Written By: Aswathy.V.Nair (Auditor, On 31-01-2022)<br>Last Updated By: Aswathy.V.Nair (Auditor, On 31-01-2022) | 1-17 |
| 18 | മരാമത്ത് പ്രവൃത്തികളുടെ കാലതാമസത്തിന് കൃത്യമായി ഫൈൻ ഈടാക്കുന്നില്ല<br>Written By: M Harikumar (Asst. Audit Officer, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 1-18 |
| 19 | സ്കൂൾ മേൽക്കൂര നിർമ്മാണം- പൊളിച്ചെടുത്ത സാധനസാമഗ്രികൾ ലേലം ചെയ്തില്ല<br>Written By: M Harikumar (Asst. Audit Officer, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 1-19 |
| 20 | സംയുക്ത പദ്ധതികൾ -പങ്കാളിത്ത സ്ഥാപനങ്ങളിൽ നിന്നും വിഹിതം ലഭിക്കുന്നില്ല<br>Written By: Muhsin Faisal (Audit Officer, On 03-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 16-03-2022) | 1-20 |
| 21 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: Muhsin Faisal (Audit Officer, On 03-02-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 1-21 |
| 22 | ഇ ടെണ്ടർ- ടെണ്ടർ ഫീസ് മുഴുവൻ തിരികെ ലഭിച്ചു<br>Written By: M Harikumar (Asst. Audit Officer, On 19-01-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 1-22 |
| 23 | മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം<br>Written By: M Harikumar (Asst. Audit Officer, On 27-01-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Aswathy.V.Nair (Auditor, On 28-01-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: M Harikumar (Asst. Audit Officer, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Aswathy.V.Nair (Auditor, On 28-01-2022)<br>Last Updated By: Joe M James (Computer Assistant, On 04-02-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M Harikumar (Asst. Audit Officer, On 28-01-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Aswathy.V.Nair (Auditor, On 28-01-2022)<br>Last Updated By: Aswathy.V.Nair (Auditor, On 28-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: M Harikumar (Asst. Audit Officer, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 04-02-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Aswathy.V.Nair (Auditor, On 31-01-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 02-02-2022) | 4-8 |

| | | |
|---|---|---|
| | Last Updated By: Joe M James (Computer Assistant, On 05-03-2022) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M Harikumar (Asst. Audit Officer, On 02-02-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Aswathy.V.Nair (Auditor, On 31-01-2022)<br>Last Updated By: Joe M James (Computer Assistant, On 05-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 24.03.2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 19.02.2021 തീയതിയിലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ ബി4 : Grants & Contributions For Specific Purposes :- Contribution For Joint Venture Projects From Block Panchayat- 11,05,774 രൂപ നീക്കിയിരുപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് തെറ്റാണ്. യഥാർത്ഥ നീക്കിയിരുപ്പ് 8,65,774 രൂപയാണ് (B-17). 2,40,000 രൂപയുടെ ചെലവ് ക്രമപ്പെടുത്തിയിട്ടില്ല.

2. മെയിന്റനൻസ് ഗ്രാന്റ്-റോഡിതര വിഭാഗത്തിൽ വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി സ്രോതസ്സിൽ കുറവ് ചെയ്ത 35,319 രൂപ വാർഷിക കണക്കിൽ വരവിലും ചെലവിലും രേഖപ്പെടുത്തിയിട്ടില്ല.

3. ഷെഡ്യൂൾ ബി5: Secured Loan From KURDFC- വാർഷിക കണക്കിൽ 12,80,421 രൂപ രേഖപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥ നീക്കിയിരുപ്പ് 13,78,650 രൂപയാണ്. മുൻവർഷം വരവായി ലഭിച്ച 98221 രൂപ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. ജലജീവൻ മിഷൻ- കുടിവെള്ള കണക്ഷന് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക റെവന്യൂ ചെലവിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുമ്പോൾ മാത്രം ബന്ധപ്പെട്ട ഹെഡിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്.

5. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തു നികുതി (കറന്റ്, അരിയർ) ഡിമാന്റ് , കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,23,25,532 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,29,81,112 |
| ആകെ വരവ് | 6,53,06,644 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,27,95,932 |
| നീക്കിയിരിപ്പ് | 1,25,10,712 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 9838000 | 9838000 | 9040704 | -- | 797296 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 3265000 | 3265000 | 2667913 | -- | 597087 |
| വികസന ഫണ്ട്-ടി.എസ്.പി | ,, | 277919 | 277919 | 265500 | -- | 12419 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ,, | 3340000 | 3340000 | 1518442 | -- | 1821558 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | ,, | 7403534 | 7403534 | 4582087 | -- | 2821447 |
| മെയിന്റനൻസ്, റോഡ് | ,, | 6917000 | 6917000 | 5670814 | -- | 1246186 |
| മെയിന്റനൻസ്, നോൺ-റോഡ് | ,, | 3492000 | 3492000 | 2935697 | -- | 556303 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| സാക്ഷരത | 559 | 22 | 581 | -- | -- | 581 |
| ശുചിത്വ മിഷൻ | 1471384 | 1547827 | 3019211 | 1459421 | -- | 1559790 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. | 1055319 | 370775 | 1426094 | 765270 | -- | 660824 |
| എം.ജി.എൻ. ആർ.ജി.എസ് | 515 | 20182149 | 20182664 | 20179913 | -- | 2751 |
| മറ്റ് ഗ്രാന്റുകൾ/അവാർഡുകൾ | | | | | | |
| ശബരിമല | 242893 | 570000 | 812893 | -- | -- | 812893 |
| ജലനിധി | 425755 | 1961852 | 2387607 | 2176783 | -- | 210824 |
| നിർമ്മൽ പുരസ്കാരം | 15628 | 632 | 16260 | -- | -- | 16260 |
| മറ്റ് ധനകാര്യ സ്ഥാപനം | -- | 141688 | 141688 | -- | | 141688 |
| കാവ് സംരക്ഷണം | -- | 404532 | 404532 | 404532 | -- | 0 |
| ജലനിധി-കുടിവെള്ള പദ്ധതി | -- | 925000 | 925000 | -- | -- | 925000 |

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക, വരവ് ചെലവ് കണക്കിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക | ചെലവ് തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 234196 | -- |
| ,, | അങ്കണവാടി അധിക വേതനം | 788400 | -- |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 73294 | -- |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | വോട്ടിംഗ് മെഷീൻ ചെലവ് | 35319 | 35319 |

## 1-5 പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 163 | 66336640 | 133 | 36684822 | 0 | 30 | 81.60% |

വർക്കിംഗ് ഗ്രൂപ്പുകളിൽ ഗ്രാമപഞ്ചായത്തിന്റെ വികസനം സംബന്ധിച്ച് ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെയുള്ള പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ

വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിലുള്ള വീഴ്ചയും, വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവും പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയപ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 8 | 5263467 | 4006592 |
| വെറ്ററിനറി സർജൻ | 3 | 3 | 1482200 | 1426100 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 2 | 1 | 1050000 | 391560 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 100000 | 100000 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 350000 | 350000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 9 | 19207035 | 3255600 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 9 | 5 | 4538304 | 2064602 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 400000 | 100000 |
| സെക്രട്ടറി | 26 | 23 | 8211890 | 6992638 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | 4 | 1 | 1450000 | 600000 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 89 | 78 | 23458744 | 16924035 |
| അസി.സെക്രട്ടറി | 3 | 2 | 675000 | 391560 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 0 | 150000 | 0 |
| ആകെ | 163 | 133 | 66336640 | 36684822 |

വിഭാഗം

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 139 | 114 | 0 | 59627366 | 32564290 | 54.61 |
| പ്രത്യേക ഘടകപദ്ധതി | 21 | 16 | 76.19 | 5625627 | 3086085 | 0 |
| പട്ടികവർഗ്ഗ ഉപപദ്ധതി | 3 | 3 | 100 | 1083647 | 1034447 | 0 |
| ആകെ | 163 | 133 | 81.6 | 66336640 | 36684822 | 55.3 |

മേഖല

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 18 | 15 | 0 | 8655667 | 6576082 | 75.97 |
| സേവനം | 77 | 51 | 0 | 43425682 | 18763119 | 43.21 |
| പശ്ചാത്തലം | 68 | 67 | 0 | 14255291 | 11345621 | 79.59 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 163 | 133 | 81.6 | 66336640 | 36684822 | 55.3 |

വിഭാവനം ചെയ്ത പദ്ധതികളിൽ 81.6% മാത്രമേ തൻവർഷം നടപ്പാക്കാൻ സാധിച്ചിട്ടുള്ളു. സംയുക്ത പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പങ്കാളിത്ത സ്ഥാപനത്തിന്റെ വിഹിതം ഉറപ്പ് വരുത്തി അത് നേടിയെടുക്കുന്നതിനും,പ്രൊജക്ട് ലക്ഷ്യം നേടുന്നതിനുമുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല.ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്നും 100000/-, ബ്ലോക്ക് ഫണ്ടിൽ നിന്നും 300000/-എന്നിങ്ങനെ ആകെ 400000/-വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്തെങ്കിലും, തനത് ഫണ്ടിൽ നിന്നും 100000/- രൂപ മാത്രം ചെലവഴിക്കാനാണ് സാധിച്ചത്. ബ്ലോക്ക് വിഹിതം ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല.സംയുക്ത പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പങ്കാളിത്ത സ്ഥാപനത്തിന്റെ വിഹിതം സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 515 | 1322910 | 1323425 | 1320674 | 2751 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 18859239 | 18859239 | 18859239 | 0 |
| ആകെ | 515 | 20182149 | 20182664 | 20179913 | 2751 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4,01,200 | 26 |
| വിധവാപെൻഷൻ | 69,83,000 | 486 |
| വാർദ്ധക്യകാല പെൻഷൻ | 1,63,11,900 | 1223 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 24,46,700 | 161 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1,92,600 | 14 |

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2022 03.30 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,306 (പതിനൊന്നായിരത്തി മുന്നൂറ്റിയാറ് )രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ സാധിച്ചിട്ടില്ല. ഓഫീസ്ഉത്തരവ് മുഖേന വിവിധ ഉദ്യോഗസ്ഥർക്ക് ജോലി വിഭജിച്ച് നൽകുന്നുണ്ട്.ഫ്രണ്ട് ഓഫീസ് സംവിധാനവും കുറ്റമറ്റ രീതിയിൽ നടക്കുന്നുണ്ട് വിവിധ വരവിനങ്ങളുടെ രജിസ്റ്റർ വർഷാന്ത്യ ക്ലോസിംഗ് നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.ഡേബുക്ക്,ക്യാഷ്ബുക്ക് എന്നിവ മാസാന്ത്യ,വർഷാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്. വാടകക്കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധയിനം ഡെപ്പോസിറ്റുകൾ കൃത്യമായി എഴുതി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നാളിതുവരെ ആർജ്ജിച്ചിട്ടുള്ള

എല്ലാ ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ചമയ്ക്കുന്ന കരാർ ഉടമ്പടിയിൽ കരാർ കാലാവധി സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തുന്നില്ല. കരാർ കാലാവധി ലംഘിക്കുന്ന കരാറുകാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കണമെങ്കിൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിയേ മതിയാവൂ. മരാമത്ത് പ്രവൃത്തികൾ അകാരണമായി വൈകുന്ന പ്രവണത നിലനിൽക്കുന്നു. വർഷങ്ങളോളം പ്രവൃത്തികൾ സ്പിൽ ഓവർ തുടരുന്ന അവസ്ഥയാണുള്ളത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21-04-2014 മുതൽ 05-05-2014 വരെ | 2009-10 മുതൽ 2013-14 വരെ | 16-07-2014 |
| പെർഫോമൻസ് ഓഡിറ്റ് | 06-08-2021 മുതൽ 11-08-2021 വരെ | 01/2020 മുതൽ 03/2021 വരെ | 11-08-2021 |

## 1-11 വാടക-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ പുതിയഷോപ്പിംഗ് കോംപ്ലക്സിലെ ചുവടെ ചേർത്തിരിക്കുന്ന മുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്നവർ 2019-20, 2020-21 വർഷങ്ങളിൽ വാടക ഒടുക്കിയിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു

| റൂം നമ്പർ | വാടകക്കാരൻ | പ്രതിമാസ വാടക |
|---|---|---|
| 10 | കെ.സി.ഹസൻകുട്ടി തൈപ്പറമ്പിൽ കാഞ്ഞിരപ്പള്ളി | 2647 |
| 11 | സുജാത വി.എം വള്ളിക്കാലായിൽ കുമ്പളാംപൊയ്ക | 4000 |

വാടക ഒടുക്കാത്തവരിൽ നിന്നും ആയത് പിഴസഹിതം ഈടാക്കേണ്ടതാണ്.

## 1-12 കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയില്ല.

ചുവടെ ചേർത്തിട്ടുള്ള അംഗീകൃത കരാറുകാരിൽനിന്ന് 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തൊഴിൽനികുതി ഈടാക്കിയില്ല.

1. ആകാശ് എസ്., പാടറ്റുകാലായിൽ
2. ഒ.എം. മാത്യൂ ഉറുമ്പിക്കുന്നേൽ
3. ലെൻജു മോൻസി
4. നിതിൽ ജോസഫ് തോമസ്, മണിമലേത്ത്
5. റ്റിങ്കു ഏബ്രഹാം , കന്നിക്കുഴിയേത്ത്
6. കുമാർ ടി., പള്ളിപ്പടിക്കൽ
7. ഏബ്രഹാം സി. കുരുവിള, തെങ്ങുംക്കുട്ടത്തിൽ
8. സോമശേഖരൻ നായർ, പാടറ്റുകാലായിൽ
9. എം.എ. സാബു, മരുതോലിക്കൽ
10. ഷാ എസ്. ശ്യാമളവിലാസം
11. ജയകൃഷ്ണൻ നായർ മീമ്പള്ളിൽ്
12. പ്രസാദ് എസ്. മുള്ളുവിള വീട്

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/20.01.2022) കരാറുകാരിൽനിന്ന് നികുതി ഈടാക്കുന്നതിന് അടിയന്തരനടപടി കൈക്കൊള്ളുന്നതാണെന്നും അംഗീകൃത കരാറുകാരനിൽനിന്ന് തൊഴിൽനികുതി ഈടാക്കുന്നതിന് കത്തു നൽകിയിട്ടുള്ളതും നിലവിലുള്ള പ്രവൃത്തികളുടെ ബിൽ ട്രഷറികൾക്കു കൈമാറുന്നതിനു മുമ്പായി കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി കൈക്കൊള്ളണമെന്നു കാണിച്ചുകൊണ്ട് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനിയർക്ക് കത്തു നൽകിയിട്ടുള്ളതാണെന്നും പഞ്ചായത്ത് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 ഓൺലൈൻ വിദ്യ സഹായ പദ്ധതി- തുക ചെലവഴിച്ചില്ല

ഓൺലൈൻ പഠന സൗകര്യം ഇല്ലാത്ത വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കുന്നതിനായി കെ.എസ്.എഫ്.ഇ. യുടെ ഓൺലൈൻ വിദ്യാസഹായ പദ്ധതിയിൻ കീഴിൽ ശ്രീ. രാജു ഏബ്രഹാം എം.എൽ.എ. യുടെ ശുപാർശ പ്രകാരം റാന്നി ഗ്രാമപഞ്ചായത്തിന് 1,88,917 രൂപ അനുവദിച്ചു. അതിൽ 75% കെ.എസ്.എഫ്.ഇ. യുടെ സാമ്പത്തിക സഹായവും 25% MLA യുടെ പ്രത്യേക വികസന ഫണ്ടും ആയിരുന്നു. കെ.എസ്.എഫ്.ഇ.യുടെ സഹായമായ 1,41,688 രൂപ 27-08-2020-ൽ പഞ്ചായത്തിൽ ലഭിച്ചു (Cheque No. 015167/21-08-2020).

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 25-06-2020-ലെ സ.ഉ(സാധാ) നം.1269/2020 തസ്വഭവ ഉത്തരവിൽ, കെ.എസ്.എഫ്.ഇ. യുടെ സാമ്പത്തിക സഹായത്തോടെ പഞ്ചായത്തിലെ പഠന കേന്ദ്രങ്ങളായ അങ്കണവാടികൾ, വായനശാലകൾ, തദ്ദേശസ്ഥാപം നിർദ്ദേശിക്കുന്ന മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പഠന സൗകര്യാർത്ഥം ടെലിവിഷൻ സ്ഥാപിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം റ്റി.വി ഒന്നിന് 9943 രൂപ പ്രകാരം 19 സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. എം.എൽ.എ. യുടെ പ്രത്യേക വികസനഫണ്ട് ലഭിച്ചിരുന്നില്ല. ഓൺലൈൻ പഠനം ഇപ്പോഴും തുടരുമ്പോഴും ഫണ്ട് ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ജില്ലാ പ്ലാനിംഗ് ഓഫീസ് വഴിയാണ് ഇതിന്റെ തുടർ നടപടികൾ സ്വീകരിക്കുന്നതെന്നും പദ്ധതി ആകുന്ന മുറയ്ക്ക് പഞ്ചായത്ത് ഫണ്ട് കൈമാറ്റം ചെയ്യുകമാത്രമാണ് വേണ്ടതെന്നും പഞ്ചായത്തിൻ നിന്നും അറിയാൻ കഴിഞ്ഞു. ഫണ്ട് അടിയന്തിരമായി ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 "ടെണ്ടർ ഡിഡക്ഷൻ' കുറവ് ചെയ്തില്ല - ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക ഒടുക്കി

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19-ൽ ആരംഭിച്ച് 2020-21 വർഷം സ്പിൽ ഓവറായി പൂർത്തിയാക്കിയ കുറത്തിയോലി കരിങ്ങാട്ടിൽ പടി പാർശ്വഭിത്തി നിർമ്മാണം (എസ്.0083/21) എന്ന പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും 'ടെണ്ടർ ഡിഡക്ഷൻ ' കുറവ് ചെയ്യാതെയാണ് തുക മാറി നൽകിയത്. ബില്ലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

രൂ. 1,00,000/- (സി.എഫ്.സി.) ബിൽ നം. 11600046105/ 11-04-2020

രൂ. 69,893/- (മെ.ഗ്രാന്റ്- റോഡ്) ബിൽ നം. 11600014364/ 11-04-2020

ആകെ രൂ. 1,69,893/-

ശ്രീ. കുര്യൻ കെ.വർഗ്ഗീസ്, കുളക്കാലിൽ, കുമ്പളാംപൊയ്ക എന്ന കരാറുകാരനായിരുന്നു കുറത്തിയോലി കരിങ്ങാട്ടിൽ പടി പാർശ്വഭിത്തി നിർമ്മാണം എന്ന പ്രവൃത്തി കരാർ എടുത്ത് നിർവഹണം നടത്തിയത്. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 14.10% ടെണ്ടർ കുറവ് രേഖപ്പെടുത്തിയിരുന്ന ടെണ്ടറാണ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിരുന്നത്. പ്രസ്തുത വർക്കിന്റെ ആകെ പ്രവൃത്തിമൂല്യം 1,69,893 രൂപയായിരുന്നു. ബില്ല് മാറി നൽകിയപ്പോൾ പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ ഡിഡക്ഷന്റെ മൂല്യം കുറവ് ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചതുവഴി 23,955 രൂപ യുടെ നഷ്ടം സംഭവിച്ചു (1,69,893 X 14.10/100). കൂടാതെ കരാർ പ്രകാരം 27-12-2018 നകം പൂർത്തിയാക്കേണ്ട പ്രവൃത്തി പൂർത്തിയാക്കിയത് 13-05-2019 ലാണ്. കാലതാമസത്തിന് നിയമാനുസൃതമായ പിഴ ഈടാക്കാതെയാണ് ബിൽ മാറി നൽകിയത്.

അധികമായി അനുവദിച്ച 23,955 രൂപയും പിഴയും ഈടാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് (നം.01/2020-21 തീയതി: 18-01-2022) പിഴ ഉൾപ്പെടെ 29,077 രൂപ പഞ്ചായത്തിൽ ഒടുക്കി (രസീത് നം. 1210101 04027/18-01-2022). ടി തുക സഞ്ചിതനിധിയുടെ ബന്ധപ്പെട്ട ഹെഡിൽ ഒടുക്കി ചെലാൻ ഹാജരാക്കേണ്ടതാണ്.

## 1-15 ജി.എസ്.ടി കോമ്പൻസേഷൻ- സെൽഫ് ഡിക്ലറേഷൻ ഫോം ഫയൽ ചെയ്തിട്ടില്ല

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ 12% GST കോമ്പൻസേഷൻ നൽകിയിട്ടുണ്ട്. സ.ഉ(അച്ചടി) നം: 87/2017/തസ്വഭവ; 01.11.2017 ഉത്തരവു പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്.

സ.ഉ (സാധാ) നം: 2532/2018/തസ്വഭവ: 29.09.2018 സർക്കാർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം, GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ഈ മാതൃക നാലു പകർപ്പുകൾ തയ്യാറാക്കേണ്ടതും ഒരെണ്ണം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലും രണ്ട് പകർപ്പുകൾ GST വകുപ്പിലും നൽകണം എന്ന നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് GST കോമ്പൻസേഷൻ അനുവദിച്ചിട്ടുള്ളത്. നിർവ്വഹണ ഫയലുകളിലൊന്നും തന്നെ കരാറുകാരുടെ സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയിട്ടില്ല. ഈ കരാറുകാരുടെ GST നമ്പർ രേഖപ്പെടുത്തിയ സെൽഫ് ഡിക്ലറേഷൻ ഫോം ഓഡിറ്റിനു ഹാജരാക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 07/2020-21, തീയതി: 20.01.2022), രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ലായെന്നും ആയത് ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ ഫോം വാങ്ങി ബന്ധപ്പെട്ട ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. തുടർവർഷങ്ങളിൽ നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 പ്രവൃത്തി ഏറ്റെടുക്കാത്ത കരാറുകാരുടെ ജാമ്യ നിക്ഷേപ തുക മുതൽകൂട്ടിയില്ല

2018-19 സാമ്പത്തിക വർഷം ആരംഭിച്ച് 2020-21 വർഷം പൂർത്തിയാക്കിയ പദ്ധതിയാണ് ഒറ്റക്കല്ല്-ഇരട്ടക്കല്ല് (തടത്തിൽപടി ഭാഗം) റോഡ് കോൺക്രീറ്റ് (S0121/21). ആകെ പദ്ധതി ചെലവ് രൂ. 1,75,443/-. ബിൽ നം. 20050452011600364395/23-07-2020. നാല് കരാറുകാർ പങ്കെടുത്തതിൽ എറ്റവും കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത ശ്രീ.ബൈജു. വി.എസ്. നായർക്ക് പ്രവൃത്തി നൽകി (എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 14.12% കുറവിൽ). 15/09/2018-ൽ ടിയാൾക്ക് സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും കരാർ വെക്കാത്തതിനെ തുടർന്ന് തൊട്ടടുത്ത കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. സുനിൽ കുമാർ റ്റി.ആർ. ന് പ്രവൃത്തി നൽകുകയും പഞ്ചായത്തുമായി 11-01-2019-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. നിരവധി തവണ ആവശ്യപ്പെട്ടിട്ടും കരാർവെച്ച വ്യക്തി പ്രവൃത്തി ആരംഭിക്കാത്തതിനെ തുടർന്ന് കരാർ റദ്ദ് ചെയ്യുകയും മൂന്നാമത്തെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. എം.എ.സാബുവിന് 12.23% കുറവിൽ 30-03-2020-ൽ കരാർ നൽകുകയും ചെയ്തു. 11-06-2020-ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. പഞ്ചായത്തുമായി കരാറിൽ ഏർപ്പെടാതെ പ്രവൃത്തി അകാരണമായി നീണ്ടുപോകാനിടയാക്കിയ കരാറുകാരുടെ ജാമ്യനിക്ഷേപ തുക കണ്ടുകെട്ടുന്നതിന് പഞ്ചായത്ത് തീരുമാനിക്കുകയുണ്ടായി (തീരുമാനം 7/28-02-2020). മേൽ കരാറുകാർ ഒടുക്കിയ നിക്ഷേപ തുകയുടെ വിശദാംശങ്ങളും ആയത് പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയതിന്റെ വിവരങ്ങളും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.10/2020-21 തീയതി: 22-01-2022), തുക മുതൽ കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു എന്ന മറുപടിയാണ് ഹാജരാക്കിയത്. മേൽ കരാറുകാരിൽ നിന്നും നിക്ഷേപ തുക മുതൽക്കൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 18 |
| സ്വന്തമായി കെട്ടിടമുള്ളവ | 8 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 8 |
| വാടകരഹിതമായി പ്രവർത്തിക്കുന്നവ | 2 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 18 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 18 |

| | |
|---|---|
| ചുറ്റുമതിൽ ഉള്ളവ | 3 |

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും ചുറ്റുമതിൽ ഇല്ലാത്തവയ്ക്ക് ആയവ നിർമ്മിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അധികൃതരുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്.

സ്വന്തമായി കെട്ടിടമുള്ളതും കുടിവെള്ള കണക്ഷൻ ലഭ്യമായിട്ടുള്ളതുമായ അങ്കണവാടികൾക്ക് പ്ലംബിംഗ് പ്രവൃത്തികൾ നടപ്പിലാക്കാൻ പദ്ധതി രൂപീകരിക്കേണ്ടതാണ്.

29.01.2018ലെ സ.ഉ(കൈ)11/2018/തസ്വഭവ നമ്പർ ഉത്തരവ് അനുച്ഛേദം 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടികളുടെ ശരിയായ പരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 മരാമത്ത് പ്രവൃത്തികളുടെ കാലതാമസത്തിന് കൃത്യമായി ഫൈൻ ഈടാക്കുന്നില്ല

പൊതുമരാമത്ത് മാനുവൽ പ്രകാരം 2012(ജി.ഒ(പി)13/2012/PWD/01.02.2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി PAC യുടെ 1 ശതമാനം ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 ശതമാനം(പരമാവധി 6 മാസം) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2 ശതമാനം പിഴ ഈടാക്കണം. പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണത്തിന്റെ 50 ശതമാനത്തിൽ അധികമാകരുത്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള ചില പ്രവൃത്തികളിൽ ഫൈൻ ഈടാക്കിയിട്ടില്ല. ചില പ്രവൃത്തികളിൽ ഫൈൻ ഈടാക്കിയതിൽ കുറവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്/ കരാറുകാരൻ/കരാർ തീയതി | പി.എ.സി. | പൂർത്തികരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | ഈടാക്കിയ ഫൈൻ | ഈടാക്കിയ ഫൈൻ |
|---|---|---|---|---|---|
| ചക്കുംമൂട്ടിൽ ആനപ്പാറ റോഡ് കോൺക്രീറ്റ് (എസ്.0090/21) സാബു. സി. എബ്രഹാം 31-10-2019 | 114727 | 31-01-2020 | 27-03-2020 | -- | 3442 |
| പുതുശ്ശേരിമല ഗവ.യു.പി.സ്കൂൾ ഫസ്റ്റ് ഫ്ലോർ നവീകരണം (എസ്.0077/21) ശ്രീ. എ.എ.സാബു. 28-12-2017 | 299114 | 31-03-2018 | 22-07-2019 | 2986 | 8973 |
| പാറയ്ക്കൽ കോളനി വലിയതോട് നടപ്പാതയിൽ സ്റ്റെപ്പ് നിർമ്മാണം(എസ്.0100/21) ശ്രീ. ജയകൃഷ്ണൻ ആർ. നായർ 23-01-2019 | 144267 | 23-03-2019 | 22-07-2019 | 1035 | 4328 |
| കാഞ്ഞിരമണ്ണിൽ പടി കൊല്ലം പറമ്പ് റോഡ് കോൺക്രീറ്റ് (എസ്.125/21) 03-12-2019 ശ്രീ. ഷാ. എസ്. | 84267 | 03-03-2020 | 24-12-2020 | 752 | 2528 |
| കുളത്താനിയിൽ എസ്.സി.കോളനിയിൽ റോഡ് | 214258 | 10-07-2020 | 31-12-2020 | 1900 | 6428 |

| | | | | | |
|---|---|---|---|---|---|
| കോൺക്രീറ്റ് സൈഡ് കെട്ട് ശ്രീ. ഷാ. എസ്.10-01-2020 | | | | | |
| വൈക്കം സ്കൂൾ പടി അലക്കുകൽ പടി റോഡ് കോൺക്രീറ്റ് (134/21 10-01-2020 | 155879 | ,, | 24-12-2020 | 1393 | 4676 |
| പുതുശ്ശേരിമല ഗവ.യു.പി.സ്കൂൾ സ്റ്റേഡിയത്തിന് അടിസ്ഥാന സൗകര്യം ഒരുക്കൽ 15-02-2019 | 811768 | 20-07-2019 | 30-11-2019 | -- | 24353 |
| ആലഞ്ചേരി പൊട്ടൻകുളത്തുങ്കൽ റോഡ് കോൺക്രീറ്റ് (131/20 സൈജു വി.എസ്.നായർ 27-02-2017 | 299647 | 27-05-2017 | 05-02-2020 | -- | 8989 |

ഫൈൻ ഈടാക്കാഞ്ഞതിന്റെ കാരണം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.13/29-01-2022), തുക ഒടുക്കുവാൻ ബന്ധപ്പെട്ട കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഫൈൻ ഒടുക്കുന്ന മുറയ്ക്ക് വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന മറുപടിയുമാണ് ലഭ്യമാക്കിയിട്ടുള്ളത്. പൊതുമരാമത്ത് മാനുവൽ അനുശാസിക്കും പ്രകാരം പ്രവൃത്തിയുടെ ഫൈൻ കണക്കാക്കി ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-19 സ്കൂൾ മേൽക്കൂര നിർമ്മാണം- പൊളിച്ചെടുത്ത സാധനസാമഗ്രികൾ ലേലം ചെയ്തില്ല

2020-21 സാമ്പത്തിക വർഷം പുതുശ്ശേരിമല ഗവൺമെന്റ് സ്കൂളിന്റെ മേൽക്കൂര നിർമ്മാണത്തിനായി 3,72,763/-രൂപ ചെലവഴിച്ചിട്ടുണ്ട്. ക്ലാസ് മുറികളുടെ മേൽക്കൂരയിലെ പഴയ ഓടുകൾ, തടി ഉരുപ്പടികൾ എന്നിവ നീക്കം ചെയ്ത് ഷീറ്റ് ഇടുന്ന പ്രവൃത്തിയാണ് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി പ്രകാരം പൊളിച്ചുമാറ്റിയ പഴയ ഓടുകൾ, തടിഉരുപ്പടികൾ എന്നിവയിൽ ഉപയോഗ യോഗ്യമായവയുടെ മൂല്യം നിശ്ചയിച്ച് ലേലം ചെയ്തിട്ടില്ല. പൊളിച്ച് നീക്കിയവയിൽ ഉപയോഗ ശൂന്യമായ സാമഗ്രികളുടെ വിവരം എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല. സാധനസാമഗ്രികൾ ലേലം ചെയ്തോ എന്നതിന്റെ വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.06/2020-21 തീയതി:20-01-2022) സമർപ്പിച്ച മറുപടിയിൽ, പൊളിച്ചെടുത്ത സാധനസാമഗ്രികൾ ഭൂരിഭാഗവും കേടായതും കാലപ്പഴക്കത്താൽ ചിതലരിച്ചതുമാണെന്നും ഉപയോഗയോഗ്യമായവ ലേലം ചെയ്യുന്ന മുറയ്ക്ക് വിശദാംശങ്ങൾ ഹാജരാക്കുന്നതുമാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-20 സംയുക്ത പദ്ധതികൾ -പങ്കാളിത്ത സ്ഥാപനങ്ങളിൽ നിന്നും വിഹിതം ലഭിക്കുന്നില്ല

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20,2020-21 വർഷങ്ങളിൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡിപദ്ധതി നടപ്പാക്കിയെങ്കിലും പങ്കാളിത്ത സ്ഥാപനമായ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിഹിതം ലഭിക്കാതിരുന്നതിനാൽ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും സബ്സിഡി തുക നൽകാനായില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തിയ തുക | ചെലവായതുക | റിമാർക്സ് |
|---|---|---|---|
| 2019-20 | 400000 (തനത്ഫണ്ട് 5000 ബ്ലോക്ക്ഫണ്ട് 395000) | തനത്ഫണ്ട് 5000 | ഏതാനുംകർഷകർക്ക് അഞ്ച് മാസത്തെ സബ്സിഡി തുക മാത്രം നൽകിയിരിക്കുന്നു. |
| 2020-21 | 400000 (തനത്ഫണ്ട് 100000 ബ്ലോക്ക്ഫണ്ട് | തനത്ഫണ്ട് 100000 | കർഷകർക്ക് അഞ്ച് മാസത്തെ സബ്സിഡി തുക മാത്രം നൽകിയിരിക്കുന്നു. |

| | | | |
|---|---|---|---|
| | 300000) | | |

പദ്ധതി ആസൂത്രണ വേളയിൽ ആവശ്യമായ ചർച്ചകൾ നടത്താതെയും പങ്കാളിത്ത സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് ലഭ്യത ഉറപ്പാക്കാതെയും തുക വകകൊള്ളിക്കുന്നതിനാലാണ് ഇപ്രകാരം സംഭവിക്കുന്നത്.ഉല്പാദന മേഖലയിൽ വകകൊള്ളിക്കുന്ന തുകകൾ പൂർണ്ണമായും ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതും ഗുണഭോക്താക്കൾക്ക് പരമാവധി സബ്സിഡിതുക ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-21 വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ നിർവ്വഹണ ഏജൻസികളിൽ വിവിധ പ്രൊജക്റ്റുകൾക്കായി നൽകിയിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്നതുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

| പദ്ധതി | ഒടുക്കിയതുക | ബിൽനം&തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| എ.ബി.സി.പ്രോഗ്രാം(6/21) | 100000/- | 34/20-21,27-3-21,100000/- | കോ-ഓർഡിനേറ്റർ,കുടുംബശ്രീ ജില്ലാമിഷൻ പത്തനംതിട്ട |
| സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (28/21) | 1789957/- | 17/20-21,17-11-20 1048926/-<br>26/20-21,26-2-21 741031 | കെ.എസ്.ഇ.ബി |
| ഉതിമൂട് പട്ടിക വർഗ്ഗകോളനി കുടിവെള്ളപദ്ധതി | 811000/- | 2/20-21,21-4-20<br>78700/-<br>10/20-21,28-8-20,106300/-<br>16/20-21,17-11-20<br>78900/-<br>ചെക്ക് നം. 1659362/24-8-20,547100 | ജലഅതോറിറ്റി |
| ജലജീവൻമിഷൻ പദ്ധതി ( 155/21) | 519000/- | 35/20-21,27-3-21,519000/- | ജലഅതോറിറ്റി |

വിനിയോഗവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-22 ഇ ടെണ്ടർ- ടെണ്ടർ ഫീസ് മുഴുവൻ തിരികെ ലഭിച്ചു

28/9/13-ലെ ജി.ഒ(എം.എസ്) നം.318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ്, ഇ.എം.ഡി. എന്നിവ ഓൺലൈനായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം 2017-18 മുതൽ 2020-21 വരെ ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ മുഖാന്തിരം ഒടുക്കിയ മുഴുവൻ ടെണ്ടർ ഫീസും ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ടെണ്ടർ ഫീസ് |
|---|---|
| 2017-18 | 8482 |
| 2018-19 | 68025 |
| 2019-20 | 49444 |
| 2020-21 | 83050 |
| ആകെ | 209001 |

## 1-23 മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം

മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ അകാരണമായ കാലതാമസം നേരിടുന്നു. ഒരേ പ്രവൃത്തിതന്നെ വർഷങ്ങളോളം 'സ്പിൽ ഓവർ' ആയി തുടർന്നു പോരുന്ന സ്ഥിതിയാണുള്ളത്. തന്മൂലം അതത് വർഷത്തെ പദ്ധതി പ്രവർത്തനത്തിന് തുക കണ്ടെത്താനാകാത്ത സാഹചര്യം സംജാതമാകുന്നു. 2020-21 സാമ്പത്തിക വർഷം 89 മരാമത്ത് പ്രവൃത്തികൾ വിഭാവനം ചെയ്തതിൽ 53 എണ്ണവും മുൻ വർഷങ്ങളിൽ ആരംഭിച്ച് 'സ്പിൽ ഓവർ' ആയ പദ്ധതികളായിരുന്നു. അതിൽതന്നെ പതിനേഴോളം പ്രവൃത്തികൾ 2019-20 ന് മുമ്പ് ആരംഭിച്ച പ്രവൃത്തികളായിരുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | പദ്ധതി ആരംഭിച്ച വർഷം | ഫണ്ടിനം | അടങ്കൽ | പൂർത്തിയാക്കിയ വർഷം |
|---|---|---|---|---|---|
| 01 | ഡിപ്പോപടി നാരകത്തോലിൽ റോഡ് കോൺക്രീറ്റ് | 2017-18 | മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 2,27,986 | 2020-21 |
| 02 | 16-ാം നമ്പർ അങ്കണവാടി നവീകരണം | ,, | കേന്ദ്രാവിഷ്കൃത ഫണ്ട് | 1,00,000 | ഉപേക്ഷിച്ചു |
| 03 | ഉതിമൂട് പള്ളിപ്പടി ആനപ്പാറ റോഡ് കോൺക്രീറ്റ് | ,, | മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 40,912 | 2020-21 |
| 04 | അരയാനിക്കൽ വാളിപ്ലാക്കൽ ലക്ഷം വീട് കോളനി സ്റ്റെപ്പ് നിർമ്മാണം | 2017-18 | ,, | 1,00,000 | ,, |
| 05 | സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ | 2018-19 | വികസനഫണ്ട്-ജനറൽ | 4,00,000 | ,, |
| 06 | പുതുശ്ശേരിമല ഗവ: യു.പി.എസ്. ഫസ്റ്റ് ഫ്ലോർ നവീകരണം | 2017-18 | മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് | 3,00,000 | ,, |
| 07 | കൃഷി ഭവൻ നവീകരണം | ,, | ,, | 40,000 | ഉപേക്ഷിച്ചു |
| 09 | കോഴിക്കോട്ടിൽ ലക്ഷം വീട്കോളനി സ്റ്റെപ്പ് കെട്ട് | 2018-19 | വികസനഫണ്ട്- SCP | 1,00,000 | ,, |
| 10 | പുതുശ്ശേരിമല ഗവ: യു.പി.എസ്. ഡൈനിംഗ് ഹാൾ, വാഷ് ഏര്യാ, ഗേറ്റ് | ,, | മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് | 6,00,000 | ,, |
| 11 | ഒറ്റക്കല്ല്- ഇരട്ടക്കല്ല്(തടത്തിൽ ഭാഗം) റോഡ് കോൺക്രീറ്റ് | ,, | മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 2,00,000 | 2020-21 ൽ പൂർത്തീകരിച്ചു |
| 12 | പാറയ്ക്കൽ കോളനി വലിയതോട് നടപ്പാതയിൽ സ്റ്റെപ്പ് നിർമ്മാണം | ,, | വികസനഫണ്ട്- SCP | 1,49,500 | ,, |
| 13 | പാണ്ട്യൻപാറ ലക്ഷം നീട് കോളനി സ്റ്റെപ്പ് നിർമ്മാണം | ,, | സി.എഫ്.സി | 1,00,000 | ,, |
| 14 | മുണ്ടപ്ലാക്കൽ തട്ടേക്കാട് റോഡ് കോൺക്രീറ്റ് | ,, | മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 1,10,000 | ,, |
| 15 | കുറത്തിയോലി കരിങ്ങാട്ടിൽ പടി പാർശ്വഭിത്തി നിർമ്മാണം | ,, | സി.എഫ്.സി+ റോഡ് | 3,00,000 | ,, |
| 16 | സുജലം- റാന്നി വലിയതോട് ശുചീകരണവും സംരക്ഷണവും | ,, | മറ്റുള്ളവ | 10,10,000 | ,, |
| 17 | മെറ്റീരിയൽ കളക്ഷൻ സെന്റർ | ,, | സംസ്ഥാനാവിഷ്കൃതം | 12,00,000 | ,, |

വിവിധ കാരണങ്ങളാലാണ് പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുള്ളത്. ടെണ്ടർ/റീടെണ്ടർ നടത്തിയിട്ടും കരാറുകാർ ആരും പദ്ധതി എറ്റെടുക്കാതിരിക്കുക, കുറഞ്ഞ അടങ്കലിലുള്ള പദ്ധതി ഏറ്റെടുക്കുന്നതിന് വിമുഖത കാണിക്കുക, കെട്ടിട നിർമ്മാണം പോലുള്ള പദ്ധതികൾ കരാറുകാർ ഏറ്റെടുത്തിട്ട് വൈകിപ്പിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുക തുടങ്ങി പലകാരണങ്ങളാണ് അധികൃതർക്ക് പറയാനുള്ളത്. അതത് വർഷം ആരംഭിക്കുന്ന പ്രോജക്ടുകൾ അതത് വർഷം തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 250000 | സുഭിക്ഷ കേരളം -വാഴവിത്ത് വിതരണം (എസ്. 0107/21) | 250000 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 494000 | സുഭിക്ഷ കേരളം -കിഴങ്ങ് വിത്ത് വിതരണം (എസ്. 0108/21) | 494000 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 400000 | ലൈഫ് ഭവനപദ്ധതി(SO) (എസ്. 0112/21) | 400000 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ്. 0013/21) | 200000 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് | 547100 | ഉതിമൂട് പട്ടികവർഗ്ഗ കോളനിയിൽ സമഗ്ര കുടിവെള്ള പദ്ധതി (SO) (എസ്. 0096/21) | 547100 |
| ജില്ലാ പഞ്ചായത്ത് | 1000000 | ഇടവിള കൃഷി (SO) (എസ്. 0098/21) | 1000000 |
| ജില്ലാ പഞ്ചായത്ത് | 100000 | ലക്ഷം വീട് പുനരുദ്ധാരണം -ഒറ്റ വീട് ഇരട്ടവീടാക്കൽ (SO) (എസ്. 0110/21) | 100000 |
| ജില്ലാ പഞ്ചായത്ത് | 240000 | ലൈഫ് രണ്ടാം ഘട്ടം (പട്ടികജാതി) (SO) (എസ്. 0115/21) | 240000 |
| ജില്ലാ പഞ്ചായത്ത് | 124900 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ്. 0013/21) | 124900 |
| ജില്ലാ പഞ്ചായത്ത് | 681768 | റാന്നി ഗ്രാമപഞ്ചായത്ത്- പുതുശ്ശേരിമല ഗവ. യു പി സ്കൂളിൽ മിനി സ്റ്റേഡിയം നിർമ്മാണം- പ്രാരംഭപ്രവർത്തനങ്ങൾ (SO) (എസ്.0078/21) | 681768 |
| ജില്ലാ പഞ്ചായത്ത് | 926830 | സുജലം- റാന്നി വലിയ തോട് (മന്ദിരം) ശുചീകരണവും സംരക്ഷണവും | 926830 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക (യു.സി. ലഭിച്ചത് പ്രകാരം) ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ | ബിൽ നം./തീയതി |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | ഉതിമൂട് പട്ടികവർഗ്ഗ കോളനി യിൽ സമഗ്ര | 78,700<br>1,06,300 | --<br>-- | 78,700<br>1,06,300 | 11400064107/<br>15-04-2020 |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി (S0096/21) | 5,47,100<br>78,900 | -- | 5,47,100<br>78,900 | 11400438091/<br>18-08-2020<br>ചെക്ക് നം. 1659362/<br>24-08-2020<br>11400676609/<br>30-10-2020 |
| കെ.എസ്. ഇ.ബി | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ- സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 10,48,926<br>7,41,031 | --<br>-- | 10,48,926<br>7,41,031 | 11400713149/<br>10-11-2020<br>11401141561/<br>24-02-2021 |
| വാട്ടർ അതോറിറ്റി | ജലജീവന് മിഷൻ- കുടിവെള്ള കണക്ഷൻ (S0115/21) | 5,19,000 | -- | 5,19,000 | 11401390921/<br>27-03-2021 |
| ആകെ | | 31,19,957 | -- | 31,19,957 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻ വർഷം എടുത്ത വായ്പയിന്മേൽ, ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടെയും വർഷാവസാനം തിരിച്ചടയ്ക്കാൻഅവശേഷിക്കുന്ന വായ്പയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 16,86,140 | ഇല്ല | 16,86,140 | 3,07,490 | -- | 13,78,650 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1998-99 | - | 2001-02 | IV.3.5 | ഗവൺമെന്റ് അംഗീകാരം വാങ്ങാതെ പണി ചെയ്തു | നിലനിൽക്കുന്നു |
| 2 | 1992-93 | - | 2003-04 | - | എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് വീട് നിർമ്മാണം | നിലനിൽക്കുന്നു |
| 3 | 2001-02 | 2-8. | 2006-07 | 3.18.1.5 | ജനകീയാസൂത്രണം-വ്യക്തിഗത ആനുകൂല്യം-വൗച്ചറുകൾ /ഫയലുകൾ/രേഖകൾ എന്നിവ | നിലനിൽക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ഹാജരാക്കിയില്ല | |
| 4 | 2002-03 | 2-12. | 2006-07 | 3.18.2 | തെരുവ് വിളക്ക് സ്ഥാപിക്കൽ-വൈദ്യുത ബോർഡിൽ അടവാക്കിയത് 138100രൂപ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല | നിലനിൽക്കുന്നു |
| 5 | 2014-15 | 2-3. | 2016-17 | അദ്ധ്യായം-2 | തൊഴിൽ നികുതി അപാകതകൾ | നിലനിൽക്കുന്നു |
| 6 | 2015-16 | 2-7. | 2016-17 | അദ്ധ്യായം-2 | തൊഴിൽ നികുതി അപാകതകൾ | നിലനിൽക്കുന്നു |
| 7 | 2016-17 | 3-1. | 2017-18 | - | റാന്നി ഗ്രാമപഞ്ചായത്ത് 3.64 കോടി കടക്കെണിയിൽ | നിലനിൽക്കുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 6,53,06,644 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,27,95,932 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി4/558/2003തീയതി | 2 |

| | | |
|---|---|---|
| | 15-09-2003 | |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി4/559/2003തീയതി 23-03-2004 | 6 |
| 1997-98 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 4/182/2005തീയതി 17-06-2005 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/ 549/2007തീയതി 13-11-2007 | എല്ലാ ഖണ്ഡികകളും |
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി3/ 28/00തീയതി 24-04-2001 | 19 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി4/299/2002തീയതി 13-12-2002 | 37 |
| 2000-01 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4/334/2005തീയതി 04-05-2006 | 9 |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/420 /2003തീയതി05-12-2003/ 17-04-2004 | എല്ലാ ഖണ്ഡികകളും |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/421/2003 തീയതി 08-01-2004/19-07-2004 | എല്ലാ ഖണ്ഡികകളും |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/251/2006തീയതി 12-09-2006 | എല്ലാ ഖണ്ഡികകളും |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി5/590/2009 തീയതി 19-01-2010/12-08-2010 | എല്ലാ ഖണ്ഡികകളും |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി5/591/2009തീയതി 19-01-2010 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി4/181/2007 തീയതി 07-03-2007 | 7 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി8/285/2008 തീയതി 05-02-2009/14-01-2010 | 10 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി8/42/2010തീയതി 06-05-2011/10-06-2011 | 5 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.8/43/2010 തീയതി 06-05-2011/07-06-2011 | 7 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.8/158/2011 തീയതി 29-03-2011/11-04-2011 | 4 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി8/159/11 തീയതി 29-03-2011/11-04-2011 | 25 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.8/188/11 തീയതി 11-05-2011/09-06-2011 | 27 |
| 2009-10 | എൽ.എഫ്.പി.റ്റി.എ-പി 8/300/2011 തീയതി 11-05-2011/07-06-2011 | 21 |
| 2010-11 | എൽ.എഫ്.പി.റ്റി.എ-പി 6/613/2013 തീയതി 11-11-2013/19-03-2014 | 17 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി 6/614/2013 തീയതി 11-11-2013/19-03-2014 | 14 |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 6/159/2015 തീയതി 13-05-2015/23-05-2015 | 30 |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി 6/480/2015 തീയതി | 5 |

| | | |
|---|---|---|
| | 25-07-2015 | |
| 2014-15 | കെ.എസ്.എ.പി.റ്റി.എ -പി 6/837/2016 തീയതി 25-07-2016 | 8 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ -പി 6/1292/2016 തീയതി 03-12-2016 | 22 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ -പി 6/667/2017തീയതി 17.06.2017 | 19 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി 6/89/2019 തീയതി: 22.02.2019 | 18 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി 6/720/2019 തീയതി: 25.07.2019 | 9 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്